(ബി) കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളെ പുനരുദ്ധരിക്കാൻ സഹായകമായ ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഉണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) 25,000 കോടി രൂപയുടെ പിന്നോക്ക സംസ്ഥാന ഗ്രാന്റ് ഫണ്ടിൽനിന്ന് കേരളത്തിന് എന്തുതുക ലഭിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഇക്വിറ്റി സഹായമായി 14,194 കോടി രൂപയും വായ്പയായി 2,132 കോടി രൂപയും കേന്ദ്രബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് എത്രമാത്രം സഹായം കിട്ടുമെന്ന് അറിവായിട്ടില്ല. പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രക്രിയയിൽ സർക്കാരിനെ ഉപദേശിക്കാനായി ഒരു ബോർഡും രൂപീകരിക്കുന്നതാണെന്ന് അറിയുന്നു.

(ബി) പരമ്പരാഗത വ്യവസായങ്ങളെ പുനരുദ്ധരിക്കുവാൻ 100 കോടി രൂപ ആദ്യവിഹിതമായി റീജനറേഷൻ ഓഫ് ട്രഡീഷണൽ ഇൻഡസ്ട്രീസ് എന്ന പേരിൽ ഒരു ഫണ്ട് രൂപീകരിക്കുന്നതാണ്. ഇതിനെക്കുറിച്ചുള്ള വിശദാംശങ്ങൾ പിന്നീട് തീരുമാനിക്കുന്നതാണെന്ന് ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്.

(സി) വിശദാംശങ്ങൾ അറിവായിട്ടില്ല.

കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലുള്ള വ്യവസായങ്ങൾ

2 [3009] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള എത്ര വ്യവസായങ്ങൾ കേരളത്തിൽ ആരംഭിച്ചുവെന്നും അവ ഏതെല്ലാമാണെന്നും അവയുടെ ഓരോന്നിന്റേയും മുലധന ചെലവ് എത്രവീതമാണെന്നും അറിയിക്കുമോ;

(ബി) കേരളത്തിലെ രൂക്ഷമായ തൊഴിലില്ലായ്മ പരിഗണിച്ച് കേന്ദ്രത്തിൽ നിന്നുള്ള വ്യവസായങ്ങൾ നമ്മുടെ സംസ്ഥാനത്ത് തുടങ്ങുന്നതിന് എത്ര പദ്ധതികളാണ് കേന്ദ്ര പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പണി പൂർത്തിയായി സേവനമാരംഭിച്ച പദ്ധതിയാണ് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ പെട്രോനെറ്റ്-ന്റെ കൊച്ചി-കോയമ്പത്തൂർ-കാരൂർ പൈപ്പ്ലൈൻ. ഇതിന്റെ മൂലധനചെലവ് ഏകദേശം 535 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്ര പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങളുടെ ഏകദേശരൂപം താഴെ പറയുന്നു.

		പ്രതീക്ഷിക്കുന്ന മൂലധന നിക്ഷേപം (രൂപ കോടിയിൽ)
1.	വല്ലാർപാടം അന്താരാഷ്ട്ര കണ്ടെയ്നർ ടെർമിനൽ	2000
2.	ദ്രവീകൃത പ്രകൃതിവാതക ടെർമിനൽ, കൊച്ചി	1600
3.	കൊച്ചിൻ ഷിപ്പിയാർഡിന്റെ ടെക്നോളജി പാർക്ക്	65
4.	പെട്രോ കെമിക്കൽ കോംപ്ലക്സ്, കാസർഗോഡ്	8000
5.	മിനറൽ പ്രോസസിംഗ് യൂണിറ്റ്, കൊല്ലം	1650
6.	എൻ. റ്റി. പി. സി. കായംകുളം തെർമ്മൽ പവർ പ്ലാന്റിന്റെ വികസനം	6600
7.	കൊച്ചിൻ റിഫൈനറീസിന്റെ വികസനം	2600
8.	'ഗെയിൽ'-ന്റെ ഗ്യാസ് പൈപ്പ് ലൈൻ	1700

കേന്ദ്രസർക്കാരിന്റെ ട്രഡീഷണൽ ഇൻഡസ്ട്രീസ് സപ്പോർട്ട് ഫണ്ടിൽനിന്നും സംസ്ഥാനത്തിന് ലഭിച്ച തുക

3 [3010] ശ്രീ. വർക്കല കഹാർ:

,, ഡൊമിനിക് പ്രസന്റേഷൻ:

,, തേറമ്പിൽ രാമകൃഷ്ണൻ:

,, ടി. യു. രാധാകൃഷ്ണൻ:

,, അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായ മേഖലയ്ക്കായി കേന്ദ്രസർക്കാരിന്റെ ട്രഡീഷണൽ ഇൻഡസ്ട്രീസ് സപ്പോർട്ട് ഫണ്ടിൽനിന്നും എന്തുതുക സംസ്ഥാനത്തിന് അനുവദിച്ചുകിട്ടി;

LIBRARY ARCHIVES Kerala Legislative Assembly